പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1402 — 30.09.2011- ൽ മറുപടിയ്ക്ക്

## രാസവള വിതരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കർഷകർക്ക് രാസവളം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വയനാട് ജില്ലയിൽ വിവിധ ഭാഗങ്ങളിൽ പൊട്ടാഷ് വളം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) രാസവളങ്ങൾക്ക് വിതരണ ഏജൻസികൾ അധികവില ഈടാക്കുന്നത് തടയാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) വിതരണ ഏജൻസികൾ രാസവള ബാഗിന്റെ പുറത്ത് അച്ചടിച്ചിട്ടുള്ള പരമാവധി ചില്ലറ വിൽപ്പന വിലയിൽ കൂടുതൽ ഈടാക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ (Essential Commodities Act 1995) ന്റെ പരിധിയിൽ രാസവളം ഉൾപ്പെട്ടിരിക്കുന്നതിനാൽ അതനുസരിച്ചുള്ള ശിക്ഷണ നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) രാസവള വിതരണം സർക്കാർ മോണിട്ടർ ചെയ്യുന്ന സംവിധാനം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ? | സി) | കേന്ദ്ര രാസവള മന്ത്രാലയത്തിൽ നിന്നും മാസം തോറും ലഭിക്കുന്ന സപ്ലൈ പ്ലാൻ/പ്രകാരം ഓരോ വളത്തിനും കേരളത്തിനു ലഭിക്കുന്ന ക്വാട്ട, വിവിധ വളം വിതരണ കമ്പനികൾക്ക് വീതിച്ചു നൽകും. അതിൻ പ്രകാരം കൃഷി ഡയറക്ടറേറ്റിൽ തയ്യാറാക്കുന്ന ജില്ല തിരിച്ചുള്ള സപ്ലൈ പ്ലാൻ പ്രകാരമാണ് കമ്പനികൾ അതാത് ജില്ലകളിൽ വളം വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന വളം അതാത് റെയിൽവേ റേക്ക് പോയിന്റിൽ എത്തുമ്പോൾ അതാതു കമ്പനികൾ റേക്ക് പോയിന്റിൽ നിന്നും വിതരണം ചെയ്യുന്ന വളത്തിന്റെ അളവ്, വിതരണ സ്ഥലം എന്നീ വിശദവിവരങ്ങൾ ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, കൃഷി ഡയറക്ടർ എന്നിവരെ അറിയിക്കുന്നതാണ്. സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള മൊത്ത ചില്ലറ വിൽപ്പന ഡീലർ പോയിന്റുകൾ, മിക്സിംഗ് യൂണിറ്റുകൾ എന്നിവ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിലുള്ള ജില്ലാതല വിജിലൻസ് കമ്മിറ്റികൾ പരിശോധിക്കുകയും കൃഷി ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെത്തുന്നത് മുതൽ കർഷകർക്ക് വിതരണം ചെയ്യുന്നതുവരെ രാസ വളത്തിന്റെ വിതരണം ഈ രീതിയിൽ മോണിട്ടർ ചെയ്യുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ